**മഹാത്മാഗാന്ധി സർവ്വകലാശാല**
**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 മാർച്ച് 26

# വാർത്താക്കുറിപ്പ്

---

## പെൻഷൻ ഫണ്ട് രൂപീകരണം: ഉത്തരവ് പിൻവലിക്കണം - എം.ജി. സെനറ്റ്

അക്കാദമിക സേവന രംഗത്ത് ഗുരുതരമായ പ്രതിസന്ധി സൃഷ്ടിക്കുമെന്നതിനാൽ സർവ്വകലാശാല അധ്യാപകരുടേയും ജീവനക്കാരുടേയും പെൻഷൻ ആനുകൂല്യങ്ങൾ സർവ്വകലാശാലയുടെ തനത് ഫണ്ടിൽ നിന്ന് നൽകണമെന്നുള്ള ഉത്തരവ് പിൻവലിക്കണമെന്നും ഇക്കാര്യത്തിൽ അധ്യാപകരുടേയും ജീവനക്കാരുടേയും ഇടയിൽ നിലനിൽക്കുന്ന ആശങ്കകൾ ദൂരീകരിക്കണമെന്നും മഹാത്മാഗാന്ധി സർവ്വകലാശാല സെനറ്റ് യോഗം സർക്കാരിനോടാവശ്യപ്പെട്ടു. സെനറ്റ് അംഗം ഡോ. പി.ആർ. ബിജുവാണ് ഇതു സംബന്ധിച്ച അടിയന്തിര പ്രമേയം അവതരിപ്പിച്ചത്. പെൻഷൻ ആനുകൂല്യങ്ങൾക്കായി തനത് ഫണ്ടിനെ ആശ്രയിക്കേണ്ടി വന്നാൽ വിദ്യാർത്ഥികളിൽ നിന്ന് ഈടാക്കുന്ന ഫീസിനങ്ങൾ ക്രമാതീതമായി വർദ്ധിക്കുന്നതിനും അത് സാധാരണക്കാരയ ജനങ്ങളെ ദോഷകരമായി ബാധിക്കുന്നതിനും ഇടയാക്കുമെന്നും പ്രമേയം ചൂണ്ടിക്കാട്ടി. പ്രതിഭാധനരായ ആളുകളെ അക്കാദമിക മേഖലയ്ക്ക് നഷ്ടപ്പെടുന്നതിനും ഇത്തരം നടപടികൾ കാരണമാകും. സെനറ്റിലെ ജീവനക്കാരുടെ പ്രതിനിധി ജെ. ലേഖ പ്രമേയത്തെ പിന്താങ്ങി.

പ്രതിഭാധനരായ വിദ്യാർത്ഥികൾക്ക് ഒരു ലക്ഷം രൂപയുടെ വീതം സ്കോളർഷിപ്പ് അനുവദിക്കുകയും വിദ്യാർത്ഥി ഹോസ്റ്റലുകളുടെ സൗകര്യം വർദ്ധിപ്പിക്കാനും നിലവാരം ഉയർത്തുന്നതിനും തുക അനുവദിക്കുകയും ചെയ്ത സംസ്ഥാന സർക്കാരിനെ യോഗം അനുമോദിച്ചു.

അക്കാദമിക ഗവേഷണമേഖലകളിൽ ശ്രദ്ധേയ നേട്ടങ്ങളുമായി മുന്നേറുന്ന മഹാത്മാഗാന്ധി സർവ്വകലാശാലക്കെതിരെ മാധ്യമങ്ങളിലൂടെ അടക്കം നടക്കുന്ന ദുഷ്പ്രചരണങ്ങളിൽ യോഗം ഉത്ക്കണ്ഠ രേഖപ്പെടുത്തി. കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ് നടത്തുന്നത് സംബന്ധിച്ച് സർവ്വകലാശാല നൽകിയ നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച വരുത്തിയ കോളേജധികൃതർക്കെതിരെ നടപടിയുണ്ടാകണമെന്നും യോഗത്തിൽ ആവശ്യമുയർന്നു. കഴിഞ്ഞ വർഷത്തെ വാർഷിക റിപ്പോർട്ടും 2019 - 2020 വർഷത്തെ വാർഷിക കണക്കും ഓഡിറ്റ് റിപ്പോർട്ടും യോഗം അംഗീകരിച്ചു. നടപ്പുവർഷത്തെ ഫിനാൻഷ്യൽ എസ്റ്റിമേറ്റിനും യോഗം അംഗീകാരം നൽകി.

വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അധ്യക്ഷത വഹിച്ചു. സെനറ്റ് അംഗങ്ങൾക്ക് പുറമേ സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. ജോബ് മൈക്കിൾ എം.എൽ.എ., അഡ്വ. റെജി സക്കറിയ, പ്രൊഫ. പി. ഹരികൃഷ്ണൻ, ഡോ. എ. ജോസ്, ഡോ. ബിജു പുഷ്പൻ, ഡോ. ബാബു മൈക്കിൾ, ഡോ. ആർ. അനിത, പ്രൊഫ. പി. എസ് സുകുമാരൻ, ജസ്റ്റിൻ I ജോസഫ്, ഡോ. വർഗീസ് ചെറിയാൻ തുടങ്ങിയവർ പങ്കെടുത്തു.

(പി.ആർ.ഒ./39/360/2022)

## ഇന്റേൺഷിപ്പ് പരീക്ഷ

2022 ജനുവരിയിലെ രണ്ടാം സെമസ്റ്റർ എം.എച്ച്.ആർ.എം. (പുതിയ സ്കീം - 2020 അഡ്മിഷൻ - റെഗുലർ

പരീക്ഷയുടെ ഇന്റേൺഷിപ്പ് പരീക്ഷക്ക് പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികളും തങ്ങളുടെ ഇന്റേൺഷിപ്പ് റിപ്പോർട്ട് ബന്ധപ്പെട്ട വകുപ്പ് തലവൻ മുഖേന പരീക്ഷ ബോർഡ് ചെയർമാന് ഏപ്രിൽ ഒന്നിന് മുൻപായി ഇ-മെയിൽ മുഖേന സമർപ്പിക്കണം. വിശദവിവരങ്ങൾക്ക് വിദ്യാർത്ഥികൾ തങ്ങളുടെ കോളേജുകളുമായി ബന്ധപ്പെടുക.

(പി.ആർ.ഒ./39/361/2022)

## പരീക്ഷാ തീയതി

ആറാം സെമസ്റ്റർ എൽ.എൽ.ബി. (ത്രിവത്സരം) (2015-2017 അഡ്മിഷൻ - സപ്ലിമെന്ററി, 2014 അഡ്മിഷൻ - ഫസ്റ്റ് മേഴ്സി ചാൻസ് / 2013 അഡ്മിഷൻ - സെക്കന്റ് മേഴ്സി ചാൻസ് / 2013 ന് മുൻപുള്ള അഡ്മിഷൻ - തേഡ് മേഴ്സി ചാൻസ്), പത്താം സെമസ്റ്റർ എൽ.എൽ.ബി. (പഞ്ചവത്സരം) (2010 അഡ്മിഷൻ - ഫസ്റ്റ് മേഴ്സി ചാൻസ് / 2009 അഡ്മിഷൻ - സെക്കന്റ് മേഴ്സി ചാൻസ് / 2009 വരെയുള്ള അഡ്മിഷൻ - തേഡ് മേഴ്സി ചാൻസ്) പരീക്ഷകൾ ഏപ്രിൽ ഏഴിന് ആരംഭിക്കും. പിഴയില്ലാതെ മാർച്ച് 30 വരെയും 525 രൂപ പിഴയോടു കൂടി മാർച്ച് 31 നും 1050 രൂപ സൂപ്പർഫൈനോടു കൂടി ഏപ്രിൽ ഒന്നിനും അപേക്ഷിക്കാം. വിദ്യാർത്ഥികൾ പേപ്പറൊന്നിന് 35 രൂപ നിരക്കിൽ (പരമാവധി 210 രൂപ) ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമേ അടക്കണം. ടൈംടേബിൾ, മേഴ്സി ചാൻസ് ഫീസ് സംബന്ധിച്ച വിശദവിവരങ്ങൾ തുടങ്ങിയവ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/362/2022)

അഞ്ചാം സെമസ്റ്റർ എൽ.എൽ.ബി. (ത്രിവത്സരം) (2015-2017 അഡ്മിഷൻ - സപ്ലിമെന്ററി, 2014 അഡ്മിഷൻ - ഫസ്റ്റ് മേഴ്സി ചാൻസ് / 2013 അഡ്മിഷൻ - സെക്കന്റ് മേഴ്സി ചാൻസ് / 2013 ന് മുൻപുള്ള അഡ്മിഷൻ - തേഡ് മേഴ്സി ചാൻസ്), ഒൻപതാം സെമസ്റ്റർ എൽ.എൽ.ബി. (പഞ്ചവത്സരം) (2010 അഡ്മിഷൻ - ഫസ്റ്റ് മേഴ്സി ചാൻസ് / 2009 അഡ്മിഷൻ - സെക്കന്റ് മേഴ്സി ചാൻസ് / 2009 വരെയുള്ള അഡ്മിഷൻ - തേഡ് മേഴ്സി ചാൻസ്) പരീക്ഷകൾ ഏപ്രിൽ ആറിന് ആരംഭിക്കും. പിഴയില്ലാതെ മാർച്ച് 30 വരെയും 525 രൂപ പിഴയോടു കൂടി മാർച്ച് 31 നും 1050 രൂപ സൂപ്പർഫൈനോടു കൂടി ഏപ്രിൽ ഒന്നിനും അപേക്ഷിക്കാം. വിദ്യാർത്ഥികൾ പേപ്പറൊന്നിന് 35 രൂപ നിരക്കിൽ (പരമാവധി 210 രൂപ) ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമേ അടക്കണം. ടൈംടേബിൾ, മേഴ്സി ചാൻസ് ഫീസ് സംബന്ധിച്ച വിശദവിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/363/2022)

## പരീക്ഷാ ഫലം

2021 ആഗസ്റ്റിൽ സ്കൂൾ ഓഫ് ലേറ്റേഴ്സ് നടത്തിയ ഒന്നാം സെമസ്റ്റർ എം.എ. ഇംഗ്ലീഷ് (ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ - ഫാക്കൽറ്റി, 2020-2022 ബാച്ച്) - സി.എസ്.എസ്. പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു.

(പി.ആർ.ഒ./39/364/2022)

2021 ജൂലൈയിൽ നടന്ന രണ്ടാം സെമസ്റ്റർ ത്രിവത്സര യൂണിറ്ററി എൽ.എൽ.ബി. (2019 അഡ്മിഷൻ - റെഗുലർ / 2018 അഡ്മിഷൻ - സപ്ലിമെന്ററി), എൽ.എൽ.ബി. (ത്രിവത്സരം) (2013-2017 അഡ്മിഷൻ - സപ്ലിമെന്ററി / 2012 അഡ്മിഷൻ - ഫസ്റ്റ് മേഴ്സി ചാൻസ് / 2011 അഡ്മിഷൻ - സെക്കന്റ് മേഴ്സി ചാൻസ് / 2011 മുതലുള്ള അഡ്മിഷൻ - തേഡ് മേഴ്സി ചാൻസ്) പരീക്ഷകളുടെ ഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷ യഥാക്രമം 370 രൂപ, 160 രൂപ നിരക്കിലുള്ള ഫീസ് സഹിതം പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ എത്തിക്കേണ്ട അവസാന തീയതി ഏപ്രിൽ 11.

(പി.ആർ.ഒ./39/365/2022)

2022 ജനുവരിയിൽ സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട് നടത്തിയ ഏഴാം സെമസ്റ്റർ പഞ്ചവത്സര ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ്) (2017 അഡ്മിഷൻ - റെഗുലർ / 2016 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷ യഥാക്രമം 370 രൂപ, 160 രൂപ നിരക്കിലുള്ള ഫീസ് സഹിതം പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ ലഭിക്കേണ്ട അവസാന തീയതി ഏപ്രിൽ 11.

(പി.ആർ.ഒ./39/366/2022)

2021 ഡിസംബറിൽ നടന്ന പത്താം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.എ.-എൽ.എൽ.ബി. (ഓണേഴ്സ്) (2016 അഡ്മിഷൻ - റെഗുലർ) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷ യഥാക്രമം 370 രൂപ, 160 രൂപ നിരക്കിലുള്ള ഫീസ് സഹിതം പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ ലഭിക്കേണ്ട അവസാന തീയതി ഏപ്രിൽ 11.

(പി.ആർ.ഒ./39/367/2022)

2021 മാർച്ചിൽ നടന്ന മൂന്നാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.എ.-എൽ.എൽ.ബി. (ഓണേഴ്സ്) (2018 അഡ്മിഷൻ - റെഗുലർ / 2017, 2016 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷ യഥാക്രമം 370 രൂപ, 160 രൂപ നിരക്കിലുള്ള ഫീസ് സഹിതം പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ ലഭിക്കേണ്ട അവസാന തീയതി ഏപ്രിൽ 11.

(പി.ആർ.ഒ./39/368/2022)

**പി.സി. സുരേഷ് കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ